എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 6, ലക്കം 12 | 2025 ഡിസംബർ 05




## A Visionary Departs: Prof. V. K. Damodaran (1940-2025), Founder Director, EMC

The Energy Management Centre-Kerala (EMC) deeply mourns the passing of its Founder Director, Prof. V. K. Damodaran, who left us on November 15, 2025, at the age of 85. His demise marks the end of a remarkable era of dedicated service and visionary leadership in Kerala's energy sector.

A commemoration ceremony, a heartfelt tribute to his legacy, was held at Bharat Bhavan on November 19, 2025, at 5:00 PM. The event was inaugurated by the Hon'ble Chief Minister of Kerala, Shri Pinarayi Vijayan, who delivered a moving memorial address recognizing Prof. Damodaran's extraordinary contributions.

Prof. Damodaran's impact on EMC is foundational. He was the architect who conceptualized and drafted the organization's byelaws, mission, and long-term vision, establishing a lean and agile structure free from bureaucratic layers. His leadership fostered an ethos of openness, collaboration, and integrating technology and policy through a people-centric approach to energy efficiency. He personally mentored the first cohort of employees, instilling in us the values that still guide the Centre.

The innovative programmes and projects he launched in EMC's early years remain highly relevant today. His spirit, enthusiasm, and forward-thinking perspective continue to shape EMC's endeavours. This tribute stands as our humble promise to advance his mission with unwavering commitment. His legacy is deeply embedded in our institutional ethos and will forever inspire us.





# ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സംഘടിപ്പിക്കുന്ന ദേശീയ ചിത്രരചനാ മത്സരം 2025: സംസ്ഥാന തല മത്സരം സംഘടിപ്പിച്ചു

കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ നേതൃത്വത്തിൽ യു പി ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായുള്ള ദേശീയ ചിത്രരചനാ മത്സരം 2025-ന്റെ സംസ്ഥാനതല മത്സരം എനർജി മാനേജ്മെന്റ് സെന്റർ ക്യാമ്പസിൽ വെച്ച് 19.11.2025 ന് സംഘടിപ്പിച്ചു എൻ.ടി.പി.സി. കായംകുളം ആണ് ഈ പരിപാടിക്ക് കേരളത്തിൽ നേതൃത്വം നൽകുന്നത്.

a. ഒരു ഗ്രഹം ഒരു അവസരം- ഊർജ്ജ സംരക്ഷണം, b. ഊർജ്ജ സംരക്ഷണം, എന്റെ ഉത്തരവാദിത്വം, നമ്മുടെ ഭാവി എന്നീ വിഷയങ്ങളാണ് മത്സരാർത്ഥികൾക്ക് ചിത്രരചനക്കായി നൽകിയിരുന്നത്.

ഗ്രൂപ്പ് എ വിഭാഗത്തിൽ 5, 6, 7 ക്ലാസ്സുകളിലെ വിദ്യാർത്ഥികളും ഗ്രൂപ്പ് ബി വിഭാഗത്തിൽ 8, 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുമാണ് മത്സരത്തിൽ പങ്കെടുത്തത്.

ആയിരത്തിലധികം സ്കൂളുകളിൽ നിന്നുമായി രണ്ടു വിഭാഗങ്ങളിലും ജില്ലാതല മത്സരങ്ങളിലെ വിജയികളായ 16015 പേരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 100 വിദ്യാർത്ഥികളാണ് സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്തത്.

സംസ്ഥാന തലത്തിൽ, ഒന്നാം സമ്മാനം ₹50,000/- രൂപ രണ്ടാം സമ്മാനം ₹30,000/ രൂപ-, മൂന്നാം സമ്മാനം ₹20,000/- രൂപ എന്നിങ്ങനെയാണ്. കൂടാതെ ₹7,500 രൂപ വീതം 10 പേർക്ക് ആശ്വാസ സമ്മാനവും ലഭിക്കും.

ദേശീയ തലത്തിൽ, ഒന്നാം സമ്മാനം ₹1,00,000/ രൂപ-, ലാപ്ടോപ്പ്, സ്വർണ്ണ മെഡൽ എന്നിവയാണ്. കൂടാതെ രണ്ടാം സ്ഥാനക്കാർക്ക് ₹50,000/- രൂപ + ലാപ്ടോപ്പ് + വെള്ളി മെഡൽ എന്നിവയും മൂന്നാം സ്ഥാനക്കാർക്ക് ₹30,000/- രൂപ + ലാപ്ടോപ്പ് + വെങ്കല മെഡൽ എന്നിവയും നൽകും. കൂടാതെ ടാബ്‌ലെറ്റിനൊപ്പം ₹15,000/- രൂപ വീതം 10 ആശ്വാസ സമ്മാനങ്ങളും ഉണ്ടാകും.

ഇത് കൂടാതെ, ദേശീയ വിജയികൾക്കും അവരുടെ മാതാപിതാക്കൾക്കും ഗുജറാത്തിലേക്ക് പൂർണ്ണമായും സ്പോൺസർ ചെയ്ത ഗൈഡഡ് ടൂർ ഒരു ബോണസായി ലഭിക്കും.

എൻ ടി പി സി കായംകുളം ചീഫ് ജനറൽ മാനേജറും യൂണിറ്റ് ഹെഡ്ഡുമായ ശ്രീ. ദേബ് ദത്ത് സിൻഹ സമാപന ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഡീഷണൽ ഡിപിഐ (പൊതുവിഭാഗം) പൊതുവിദ്യാഭ്യാസ വകുപ്പ്, ശ്രീ. ഷിബു ആർ.എസ് ആശംസകളർപ്പിച്ച് സംസാരിച്ചു. ചടങ്ങിൽ എനർജി മാനേജ്മെന്റ് സെന്റർ ഡോ. ആർ ഹരികുമാർ സ്വാഗതവും എൻ ടി പി സി കായംകുളം ഹ്യൂമൻ റിസോഴ്സ് വിഭാഗം മേധാവിയായ ശ്രീമതി. മംഗള ഹരീന്ദ്രൻ - നന്ദിയും പറഞ്ഞു

# " ഉണർവ്വ് " പരിപാടിയിൽ കേരളപ്പിറവി ദിനം ആചരിച്ചു

വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിക്കുന്ന ഊർജ്ജ സംരക്ഷണ അവബോധ പരിപാടിയായ ഉണർവ്വിന്റെ മൂന്നാം വർഷ സെഷനുകളിൽ ഒന്ന് കേരള പിറവി ദിവസം നടന്നു. ഊർജ്ജ സംരക്ഷണത്തിലും സുസ്ഥിര ഊർജ്ജ രീതികളിലും അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ തുടർപരിപാടിയിൽ നിരവധി സ്കൂളുകളും കോളേജുകളും ഇതിനോടകം പങ്കെടുത്തു കഴിഞ്ഞു. നവംബർ 1-ന് EMC ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന സെഷനിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ തൊളിക്കോട്, വൃന്ദാവൻ ഹൈസ്കൂൾ വ്ലാത്താങ്കര എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു. EMC ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഓഫീസർ ശ്രീമതി. സിന്ധു എസ് കുമാർ സ്വാഗതം ആശംസിച്ചു. EMC എനർജി ടെക്നോളജിസ്റ്റ് ശ്രീ. ടോംസൺ സെബാസ്റ്റ്യൻ ആമുഖ പ്രഭാഷണവും കേരള



പിറവിയോട് അനുബന്ധിച്ച് മലയാളഭാഷ പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു. EMC പ്രോജക്ട് എൻജിനീയർ ശ്രീമതി. രാജശ്രീ ഊർജ്ജ സംരക്ഷണ അവബോധ ക്ലാസ്സ് നയിച്ചു. നവംബർ മാസത്തിൽ ഇ.എം.സി യിൽ നടന്ന വിവിധ പരിപാടികളിലായി 8 വിദ്യാലയങ്ങളിൽ നിന്നുള്ള 420 വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു.

# ഇ.എം.സി.യുടെ മലയാളദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും: 'മാരിവില്ല് 3.0' വിജയകരമായി സമാപിച്ചു





എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.)യുടെ ആഭിമുഖ്യത്തിൽ മലയാളദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും ഒരുമിച്ച് ഉൾക്കൊള്ളിച്ച് ‘മാരിവില്ല് 3.0’ എന്ന പേരിൽ നവംബർ 1 മുതൽ 7 വരെ ഒരാഴ്ച നീണ്ടുനിന്ന വിവിധ പരിപാടികൾ വിജയകരമായി സംഘടിപ്പിച്ചു. ഭരണഭാഷാ പ്രോത്സാഹനം, മാതൃഭാഷയുടെ പ്രാധാന്യം, സാംസ്കാരിക വിനിമയം, ജനപങ്കാളിത്തം എന്നിവ മുൻനിർത്തിയാണ് പരിപാടികൾ രൂപകൽപ്പന ചെയ്തത്.

വാരാഘോഷം നവംബർ 1–ന് റജിസ്ട്രാർ ശ്രീ. സുഭാഷ് ബാബുവിന്റെ നേതൃത്വത്തിൽ ജീവനക്കാർ ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊണ്ട് ആരംഭിച്ചു. തുടർന്ന് നവംബർ 3, 4 തീയതികളിൽ ഫ്രാസ് ശ്രീകാര്യം, ശ്രീകൃഷ്ണനഗർ റസിഡന്റ്സ് അസോസിയേഷൻ, സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ എന്നിവയുടെ സഹകരണത്തോടെ വൈവിധ്യമാർന്ന കലാസാംസ്കാരിക പരിപാടികൾ അരങ്ങേറി. ശ്രീ. ജോൺസൺ ഡാനിയേൽ (ഊർജ്ജ കാര്യക്ഷമതാ വിഭാഗം മേധാവി)യും ശ്രീ. എ.എൻ. ദിനേശ് കുമാർ (ജോയിന്റ് ഡയറക്ടർ)യും യഥാക്രമം അധ്യക്ഷരായി. ഇരു ദിവസങ്ങളിലും അസോസിയേഷൻ അംഗങ്ങൾ ശ്രദ്ധേയമായ കലാപരിപാടികൾ അവതരിപ്പിച്ചു.

നവംബർ 5–ന് സംഘടിപ്പിച്ച ‘ശാസ്ത്രവിദ്യാഭ്യാസവും മാതൃഭാഷയും’ എന്ന വിഷയത്തിലുള്ള ചർച്ച വാരാഘോഷത്തിലെ പ്രധാന ഘട്ടങ്ങളിലൊന്നായിരുന്നു. ഡോ. ആർ.വി.ജി. മേനോൻ, ഡോ. വിനീഷ് ടി.വി., ഡോ. സി. ജയരാമൻ, ഡോ. ജോൺസൺ വൈ എന്നിവർ പങ്കെടുത്ത ചർച്ചയ്ക്കു ശേഷം, ഡോ. ജോൺസൺ വൈ രചിച്ച ‘സൗര വൈദ്യുതി – സാധ്യതകളും സാങ്കേതിക വിദ്യയും’ എന്ന പുസ്തകം ഡോ. ആർ.വി.ജി. മേനോൻ പ്രകാശനം ചെയ്തു. മലയാളത്തിൽ ഊർജ്ജ വിഷയങ്ങളിലുള്ള പഠനസാഹിത്യ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി ഇ.എം.സി., എഴുത്തുകാർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവർ സംയുക്തമായി ഈ പ്രകാശന പരിപാടി സംഘടിപ്പിച്ചു.

നവംബർ 6–ന് കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ശ്രീമതി. എ.ജി. ഒലീന ‘മാതൃഭാഷ’ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. നവംബർ 7–ന് വാരാഘോഷം സമാപിക്കുമ്പോൾ ‘സൃഷ്ടിപരതയും മാതൃഭാഷയും’ എന്ന വിഷയത്തിൽ ശ്രീ. അനിൽ കാരേറ്റിന്റെ നേതൃത്വത്തിൽ ശില്പശാല നടന്നു. ഇ.എം.സി. ജീവനക്കാർ അവതരിപ്പിച്ച ‘ചണ്ഡാലഭിക്ഷുകി’ എന്ന കാവ്യനാടകവും സമാപന പരിപാടികൾക്ക് മിഴിവേകി.

വാരാഘോഷത്തിൽ ഇ.എം.സി.യിലെ ഉദ്യോഗസ്ഥരായ ശ്രീ. രാജീവ് കെ.ആർ (എനർജി ടെക്നോളജിസ്റ്റ്), ശ്രീമതി. ബീന ടി.എ (പി.ആർ.ഒ) എന്നിവർ പരിപാടികൾക്ക് സജീവമായ നേതൃത്വം നൽകി. ഈ ഭരണഭാഷാ വാരാഘോഷം സർക്കാർ സ്ഥാപനങ്ങളിൽ മാതൃഭാഷയുടെ പ്രാധാന്യം ഊട്ടിയുറപ്പിക്കുന്നതിൽ ഒരു ശ്രദ്ധേയ ഇടപെടലായി മാറി.









# EMC participated in the 53rd National Convention of Company Secretaries

EMC Joint Director Shri. Dinesh Kumar A N addressed the 53rd National Convention of Company Secretaries in Kochi on 1st November 2025, focusing on "Progressive, Inclusive and Sustainable Bharat." He emphasized that the shift to a Circular Economy requires companies to be "truly green" through responsible consumption and production, anchored by a strong ESG framework. He highlighted that overcoming challenges in clean energy integration and grid architecture hinges on robust Governance and transparent reporting. He also encouraged Company Secretaries to adopt a proactive role by driving sustainability decisions, ensuring responsible energy use, and implementing governance reforms, such as linking executive pay to clean energy metrics and ensuring board climate competence. He stressed that Company Secretaries are the essential link between technical energy necessity and ethical corporate stewardship to achieve sustainable resource management.




# Discussion on need for Policy for Shared Cooling

Shri. Dinesh Kumar A N, Joint Director, EMC, participated as a panelist in the discussion on "Connecting the Dots: A Roadmap for Sustainable and Scalable District Cooling in India" held on 7 November 2025 at Asia Plateau, Panchgani, Maharashtra.

Speaking on enabling policies and regulatory frameworks, he highlighted the need for a national Shared/District Cooling Policy to guide structured development of the sector. He proposed that the Bureau of Energy Efficiency (BEE), together with State Designated Agencies (SDAs), should anchor implementation, supported by clear roles for electricity regulatory commissions in defining licensing norms, tariff principles, and service standards for district cooling systems. He underscored that such a framework is essential to scale adoption, attract investments, and realize the significant energy, emissions, and peak-load reduction benefits of district cooling in India.








Published by **Dr. R. Harikumar**, Director, EMC



Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)



**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256